അബൂസ്വാലിഹ

## പോപ്പിന്റെ ഇടപെടൽ അസ്വീകാര്യമെന്ന് അസ്ഹർ റെക്ടർ


● അഹ്മദ് ത്വയ്യിബ്, ഷനൂദ മൂന്നാമൻ

**മധ്യപൗരസ്ത്യ** ദേശത്തെ (ഈജിപ്തിനെ ഉദ്ദേശിച്ച്) ക്രിസ്ത്യാനികളെ സംരക്ഷിക്കാൻ ലോക നേതാക്കൾ രംഗത്തിറങ്ങണമെന്ന പോപ്പ് ബെനഡിക്ട് പതിനാറാമന്റെ പ്രസ്താവന അസ്വീകാര്യവും ഈജിപ്തിന്റെ ആഭ്യന്തര കാര്യങ്ങളിലുള്ള ഇടപെടലുമാണെന്ന് അൽ അസ്ഹർ യൂനിവേഴ്സിറ്റി റെക്ടർ അഹ്മദ് ത്വയ്യിബ്. അലക്സാണ്ട്രിയ നഗരത്തിലെ ഒരു ചർച്ചിൽ പുതുവത്സര ദിനത്തിലുണ്ടായ വൻ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിലായിരുന്നു പോപ്പിന്റെ പ്രസ്താവന. "അത്യന്തം ഹീന കൃത്യമാണ് അലക്സാണ്ട്രിയ നഗരത്തിൽ നടന്നത്. ഞാനതിനെ ശക്തിയായ ഭാഷയിൽ അപലപിക്കുന്നു. പോപിന്റെ പ്രസ്താവന മറ്റൊരു രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിലുള്ള ഇടപെടലുകളായിപ്പോയി. ഇറാഖിൽ കൂട്ടക്കൊല ചെയ്യപ്പെടുന്ന മുസ്‌ലിംകൾക്ക് വേണ്ടി എന്തുകൊണ്ടാണ് പോപ്പ് ഇത്തരമൊരു ആഹ്വാനം മുഴക്കാത്തത്?" അഹ്മദ് ത്വയ്യിബ് ചോദിച്ചു.

സ്ഫോടനത്തെ തുടർന്നുണ്ടായ സാമുദായിക സംഘർഷം ഇല്ലാതാക്കാൻ മുസ്‌ലിംകളും കോപ്റ്റുകളും ഉൾക്കൊള്ളുന്ന സംയുക്ത കമ്മിറ്റിക്ക് രൂപം നൽകുമെന്ന് അഹ്മദ് ത്വയ്യിബ് അറിയിച്ചു. കോപ്റ്റിക് ചർച്ചിന്റെ പരമോന്നത മേധാവി ഷനൂദ മൂന്നാമനെ അദ്ദേഹം സന്ദർശിച്ച് ചർച്ച നടത്തിയിരുന്നു.

## ഗസ്സ ഇനിയും അക്രമിക്കപ്പെട്ടേക്കുമെന്ന്



**ഗസ്സയിലെ** ഹമാസ് ഭരണകൂടത്തിനെതിരെ ഒരു സൈനികാക്രമണം കൂടി ആവശ്യമാണെന്ന് ഇസ്രയേലി കാബിനറ്റിലെ വലിയൊരു വിഭാഗം മന്ത്രിമാർക്കും അഭിപ്രായം. ഇടക്കിടെ ഇസ്രയേലിലേക്ക് റോക്കറ്റുകൾ തൊടുത്ത് വിടുന്ന ഹമാസിനെയും മറ്റു ഫലസ്തീനി ഗ്രൂപ്പുകളെയും നിർവീര്യമാക്കാൻ മറ്റൊരു പോംവഴി ഇല്ലെന്നാണ് അവരുടെ പക്ഷം. "റോക്കറ്റുകൾ തൊടുത്ത് ഇസ്രയേലികളുടെ സാധാരണ ജീവിതം താറുമാറാക്കാൻ ഫലസ്തീനി ഗ്രൂപ്പുകളെ അനുവദിച്ചുകൂടാ. അവരത് തുടർന്നാൽ അതിന് കനത്ത വില നൽകേണ്ടി വരുമെന്ന് അവർക്ക് മനസ്സിലാകണം." ഇസ്രയേലീ വാണിജ്യ-വ്യവസായ മന്ത്രി ബിൻയമീൻ ബൻ എലീസർ പറഞ്ഞു. ഇസ്രയേലീ ഉപപ്രധാനമന്ത്രി സിൽവൻ ഷാലോം പറഞ്ഞത് ഇങ്ങനെ: "രണ്ട് വർഷം മുമ്പ് നടന്ന 'കാസ്റ്റ് ലെഡ്' ഓപ്പറേഷന്റെ മുമ്പുള്ള അതേ അവസ്ഥയിലേക്ക്, അതായത് ഗസ്സയിലേക്ക് റോക്കറ്റുകൾ ഒളിച്ച് കടത്തി അവ തൊടുത്ത് വിടുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുകയാണെങ്കിൽ ആദ്യത്തേതിനേക്കാൾ ശക്തമായി നാം തിരിച്ചടിക്കേണ്ടി വരും."

## അൻവറിനെ സസ്പെൻഡ് ചെയ്തതിൽ പ്രതിഷേധം



**അൻവർ** ഇബ്റാഹീമിനെയും അദ്ദേഹത്തിന്റെ പാർട്ടിയിലെ മൂന്ന് പാർലമെന്റ് അംഗങ്ങളെയും മലേഷ്യൻ പാർലമെന്റിൽ നിന്ന് ആറ് മാസത്തേക്ക് സസ്പെൻഡ് ചെയ്ത നടപടിക്കെതിരെ പാർലമെന്റിനകത്തും പുറത്തും കടുത്ത പ്രതിഷേധം. 'ജനാധിപത്യത്തിന് നേരെയുള്ള കടന്നു കയറ്റം' എന്നാണ് പ്രതിപക്ഷം ഇതിനെ വിശേഷിപ്പിച്ചത്.

പാർലമെന്റിനെ തെറ്റിദ്ധരിപ്പിച്ചു എന്ന കുറ്റമാണ് ചാർത്തിയിരിക്കുന്നത്. ഈ പ്രശ്നത്തിൽ ഒരു ചർച്ച പോലും നടത്താതെ ഏകപക്ഷീയമായാണ് നടപടിയെടുത്തിരിക്കുന്നത്. മലേഷ്യൻ പ്രധാനമന്ത്രി നജീബ് റസാഖിന്റെ 'ഒരേയൊരു മലേഷ്യ' എന്ന കാമ്പയിൻ പോസ്റ്റർ 'ഒരേയൊരു ഇസ്രയേൽ' എന്ന കാമ്പയിൻ തലവാചകത്തിന്റെ അനുകരണമാണെന്നായിരുന്നു അൻവർ ഇബ്റാഹീമിന്റെ ആരോപണം. രണ്ടും രൂപകൽപന ചെയ്തത് ആപ്കോ(APCO) എന്ന മീഡിയാ കമ്പനിയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇതാണ് സസ്പെൻഷനിലേക്ക് നയിച്ചത്. അൻവർ ഇബ്റാഹീമിന്റെ പീപ്പിൾസ് ജസ്റ്റിസ് പാർട്ടിയുടെ ഉപാധ്യക്ഷൻ അസ്മിൻ അലിയും സസ്പെൻഡ് ചെയ്യപ്പെട്ടവരിലുണ്ട്.

### ഫത്‌വാ പ്രളയം!

**2010ൽ** മാത്രം തങ്ങൾ നാല് ലക്ഷത്തി അറുപത്തി അയ്യായിരം ഫത്‌വകൾ നൽകിയിട്ടുണ്ടെന്ന് ഈജിപ്തിലെ ദാറുൽ ഇഫ്താ! എഴുത്തിലൂടെയുള്ളവ, വാക്കാലുള്ളവ, ഫോൺവഴി, ഇന്റർനെറ്റ് വഴി എന്നിങ്ങനെ ഫത്‌വകളെ തരംതിരിച്ച് കണക്കും കൊടുത്തിട്ടുണ്ട്.

## അധിനിവേശത്തിന്റെ ഒരുവർഷത്തെ നീക്കിയിരിപ്പ്



**അഫ്ഗാനിലെ** അധിനിവേശ സേനക്ക് ഏറ്റവും കൂടുതൽ ആൾനാശമുണ്ടായത് 2010ലാണെന്ന് *ഐകാശ്വാലിറ്റീസ് ഓർഗ്* (icasualties.org) എന്ന സൈറ്റ് വെളിപ്പെടുത്തി. 700ലധികം അധിനിവേശ സൈനികരാണ് കഴിഞ്ഞ വർഷം കൊല്ലപ്പെട്ടത്. ഇതിൽ 490ൽ അധികവും അമേരിക്കക്കാരാണ്.

2001ൽ താലിബാനെ പുറത്താക്കി അധിനിവേശ സേന നിലയുറപ്പിച്ച ശേഷം ഇത് വരെയായി അഫ്ഗാനിൽ 2270 വിദേശ സൈനികരാണ് വധിക്കപ്പെട്ടത്. ഇവരിൽ ഏകദേശം മൂന്നിൽ രണ്ടും അമേരിക്കക്കാർ തന്നെ. ഇതിനേക്കാളൊക്കെ അമേരിക്കയെ വശം കെടുത്തുന്നത് അഫ്ഗാൻ അധിനിവേശത്തിന് വേണ്ടി ഓരോ വർഷവും ചെലവിടുന്ന ഭീമമായ തുകയാണ്. ഓരോ വർഷവും 113 ബില്യൻ ഡോളറാണത്രെ യുദ്ധച്ചെലവ്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ ഈ സന്ദർഭത്തിൽ അമേരിക്കയുടെ നട്ടെല്ലൊടിക്കാൻ പോന്നതാണ് ഈ ഭാരിച്ച യുദ്ധച്ചെലവ്.

കഴിഞ്ഞ വർഷം ആദ്യത്തെ പത്ത് മാസം 2412 അഫ്ഗാനികൾ വധിക്കപ്പെട്ടു എന്നാണ് കണക്ക്. മുറിവേറ്റ അഫ്ഗാനികളുടെ എണ്ണം: 3803.

## നാലിലൊന്ന് പേരും കൈക്കൂലി കൊടുക്കുന്നു



**കഴിഞ്ഞ** വർഷം ലോക ജനസംഖ്യയിലെ നാലിലൊന്നും കൈക്കൂലി കൊടുത്തിട്ടുണ്ടെന്ന് ട്രാൻസ്പരൻസി ഇന്റർനാഷ്നലിന്റെ (www.transparency.org) റിപ്പോർട്ട്. ഏറ്റവും കൂടുതൽ കൈക്കൂലി പോലീസ് ഡിപ്പാർട്ട്മെന്റുകളിലാണ്. മൊത്തം സ്ഥാപനങ്ങളിൽ 11 ശതമാനവും കൈക്കൂലിയുടെ കേളീരംഗമാണ്.

86 രാജ്യങ്ങളിൽ നിന്നായി തൊണ്ണൂറ്റി ഒന്നായിരം പേരുമായി ആശയവിനിയമം നടത്തിയാണ് റിപ്പോർട്ട് തയാറാക്കിയത്. പ്രശ്നങ്ങൾ തീർക്കാനാണ് കൈക്കൂലി കൊടുത്തതെന്ന് പകുതി പേരും വെളിപ്പെടുത്തി. ബാക്കിയുള്ളവർ 'പേപ്പറുകൾ നീങ്ങിക്കിട്ടാ'നാണ് കൈമടക്ക് കൊടുത്തത്. കഴിഞ്ഞ മൂന്ന് വർഷത്തിനകം അഴിമതി കണ്ടമാനം വർധിച്ചതായി സർവേയിൽ പങ്കെടുത്ത 73 ശതമാനം പേരും അഭിപ്രായപ്പെട്ടു.

## ഹിജാബുണ്ടോ, മത്സരിക്കാൻ സമ്മതിക്കില്ല



**ഒളിമ്പിക്** മത്സരങ്ങളിൽ ഹിജാബ് ധരിച്ചെത്തുന്നവരെ മത്സരിപ്പിക്കേണ്ടതില്ലെന്ന് ഈജിപ്ഷ്യൻ ഒളിമ്പിക് സമിതി തീരുമാനിച്ചു. അന്താരാഷ്ട്ര ഒളിമ്പിക് സമിതിയുടെ സമ്മർദമാണത്രെ ഇതിന് കാരണം. പർദ ധരിക്കുന്നതും മറ്റും വംശീയ വിവേചനത്തിന് കാരണമാകുമെന്നാണ് ഒളിമ്പിക് സമിതിയുടെ കണ്ടെത്തൽ! ഇനി നീന്തൽ മത്സരങ്ങൾക്കൊന്നും ശരീരം മറക്കുന്ന അധിക വസ്ത്രം അനുവദിക്കില്ല. മറ്റുള്ളവരെപ്പോലെ മുക്കാലും നഗ്നരായി നീന്തിക്കൊള്ളണം. പുതിയ പെരുമാറ്റ ചട്ടങ്ങൾ പാലിക്കാത്തവർക്ക് ഒളിമ്പിക്സിലെന്നല്ല, രാജ്യാന്തരമോ ദേശീയമോ ആയ ഒരു മത്സരത്തിലും പങ്കെടുക്കാനാവില്ലെന്നും ഈജിപ്ഷ്യൻ ഒളിമ്പിക് സമിതി വ്യക്തമാക്കിയിട്ടുണ്ട്.

## ബംഗ്ലാദേശിലെ റിഫൈനറിക്ക് ഐ.ഡി.ബി സഹായം

**ബംഗ്ലാദേശിലെ** റിഫൈനറി നവീകരിക്കുന്നതിന് ജിദ്ദ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസ്‌ലാമിക് ഡവലപ്മെന്റ് ബാങ്ക് (ഐ.ഡി.ബി) 105 മില്യൻ ഡോളർ വായ്പ നൽകും. ചിറ്റഗോങിലാണ് രാജ്യത്തെ ഏക റിഫൈനറി പ്രവർത്തിക്കുന്നത്. 40 വർഷം മുമ്പാണിത് സ്ഥാപിതമായത്. വർഷത്തിൽ ഒന്നര മില്യൻ ടൺ ക്രൂഡോയിൽ സംസ്കരിക്കാനേ ഇതിലൂടെ കഴിയൂ. റിഫൈനറിയുടെ കപ്പാസിറ്റി നാലര മില്യൻ ടൺ ക്രൂഡോയിൽ സംസ്കരിക്കാനുതകുംവിധം ഉയർത്താനായിരുന്നു പദ്ധതി. പക്ഷേ ഇതിന് 300 മില്യൻ ഡോളറെങ്കിലും ചെലവ് വരും. സഹായധനത്തിനനുസരിച്ചുള്ള നവീകരണമാണ് നടക്കുക.

## അമേരിക്കയിൽ ധനിക-ദരിദ്ര വിടവ് കൂടുന്നു

**ലോകത്തിലെ** ഏറ്റവും വലിയ സമ്പദ്ഘടനയായ അമേരിക്കയിൽ ധനിക-ദരിദ്ര വിടവ് ഭീതിദമാം വിധം വർധിക്കുന്നു. അമേരിക്കയിലെ ഇക്കണോമിക് പോളിസി ഇൻസ്റ്റിറ്റ്യൂട്ട് പുറത്ത് വിട്ട റിപ്പോർട്ടിൽ, അമേരിക്കയിലെ ഒരു ശതമാനം വരുന്ന കുടുംബങ്ങൾ മധ്യവർഗ കുടുംബങ്ങളേക്കാൾ 225 ഇരട്ടി സ്വത്ത് കൈയടക്കി വെച്ചതായി പറയുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ അറുപതുകളിൽ ഇത് 125 ഇരട്ടി മാത്രമായിരുന്നു. കഴിഞ്ഞ വർഷമുണ്ടായ സാമ്പത്തിക പ്രതിസന്ധി ദരിദ്രരുടെ നില പറ്റെ അവതാളത്തിലാക്കി. തൊഴിലില്ലായ്മ രൂക്ഷമായി. സമ്പന്നരെയും സാമ്പത്തിക പ്രതിസന്ധി പ്രതികൂലമായി ബാധിച്ചു. ■